**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - **സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികൾക്ക് മാനേജ്മെൻറ് ചാർജ് നൽകുന്നതിന് അനുമതി നൽകി** ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ)നം.1252/12/തസ്വഭവ                    തിരുവനന്തപുരം, തീയതി.02.05.12

---

പരാമർശം:- 1. 16.07.2001-ലെ സ.ഉ(സാധാ)2234/2001/തസ്വഭവ നമ്പർ കത്ത്.
2. 07.09.2007-ലെ സ.ഉ(പി)408/2007/ധന നമ്പർ ഉത്തരവ്.
3. 16.04.2011-ലെ 21945/ഡിസി1/2011 തസ്വഭവ നമ്പർ സർക്കുലർ
4. സോഷ്യോഇക്കണോമിക്ക് ഫൗണ്ടേഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 18.11.2011-ലെ SEUF/ED/11/399 നമ്പർ കത്ത്.
5. 22.01.2012-ൽ കൂടിയ തദ്ദേശസ്വയം ഭരണ വകുപ്പിന്റെ സംസ്ഥാനതല സാങ്കേതിക സമിതി യോഗത്തിന്റെ ഐറ്റം 183 നമ്പർ തീരുമാനം
6. 20.03.2012-ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓഡിനേഷൻ സമിതി യോഗത്തിന്റെ ഐറ്റം നമ്പർ 3.2 നമ്പർ തീരുമാനം.

## <u>ഉത്തരവ്</u>

പരാമർശം (1) ഉത്തരവ് പ്രകാരം **സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ** എന്ന സ്ഥാപനത്തെ സർക്കാരിന്റെ അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ചിട്ടുണ്ട്. ഖരമാലിന്യ സംസ്കരണ പദ്ധതി, കിണർ കുഴിക്കൽ, കുളം നവീകരണം തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രവർത്തികൾ എസ്.ഒ.ആർ നിരക്കിൽ ചെയ്യുന്നതിന് ബുദ്ധിമുട്ട് നേരിടുന്നെന്നും മിക്ക പ്രവൃത്തികളും നഷ്ടത്തിലാണെന്നും അതിനാൽ പരാമർശം (2) ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസികൾക്ക് നൽകി വരുന്ന മാനേജ്മെന്റ് ചാർജ്ജ് സോഷ്യോ ഇക്കണോമിക് ഫൗണ്ടേഷൻ എന്ന സ്ഥാപനത്തിന് നൽകുന്നതിനുള്ള അനുമതി നൽകണമെന്ന് സ്ഥാപനത്തിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സൂചന (6)-ലെ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എന്ന സ്ഥാപനത്തിന് അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ ഏറ്റെടുത്തിട്ടുള്ള പ്രവർത്തികൾക്ക് ചുവടെ ചേർത്തിട്ടുള്ള നിരക്കിൽ മാനേജ്മെന്റ് ചാർജ്ജ് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | |
|---|---|
| അഞ്ച് കോടിരൂപയുംഅതിൽ കൂടുതലുമുള്ള പ്രവർത്തികൾക്ക് | - 5% |
| മൂന്ന് മുതൽ അഞ്ച് കോടി രൂപ വരെയുള്ള പ്രവൃത്തികൾക്ക് | - 6 % |

അമ്പത് ലക്ഷം മുതൽ മൂന്ന് കോടി രൂപ വരെയുള്ള പ്രവൃത്തികൾക്ക് - 7 %
അമ്പത് ലക്ഷം രൂപയ്ക്ക് താഴെയുള്ള പ്രവൃത്തികൾക്ക് - 8 %

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
വി.ശോഭ
അഡീഷണൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, സോഷ്യോ ഇക്കണോമിക് ഫൗണ്ടേഷൻ

ശാസ്തമംഗലം - പി.ഒ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം

ഒ.സി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻപ്രകാരം

സെക്ഷൻ ആഫീസർ.